**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3889 21.06.2019-ലെ മറുപടിയ്ക്ക്

## സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.ബി.സതീഷ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം സാധ്യമാക്കുന്നതിന്റെ ഭാഗമായി എല്ലാ മണ്ഡലങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ നീന്തൽ പരിശീലനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | 12 വയസ്സ് മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണ് സ്പ്ലാഷ്. നീന്തലിൽ പ്രതിഭ തെളിയിക്കുന്ന കുട്ടികൾക്ക് ദേശീയ/അന്തർദേശീയ തലത്തിലുള്ള താരങ്ങളാക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനുള്ള പദ്ധതിയാണിത്. ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട്, ഇടുക്കി, തൃശ്ശൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.<br>കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ നീന്തൽ കായികയിനത്തിൽ സ്കൂൾ കുട്ടികൾക്ക് സമ്മർ ക്യാമ്പ് നടത്തി വരുന്നുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികളിലെ വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലനം നൽകി വരുന്നു. |
| (ബി) | കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിളപ്പിൽ ഇരട്ടക്കുളത്തിൽ നീന്തൽക്കുളം | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ; | | |
| (സി) | ഇതിനായി സ്പോർട് കൗൺസിൽ രൂപരേഖ തയ്യാറാക്കുകയും മുൻ കൗൺസിൽ പ്രസിഡന്റും ഉദ്യോഗസ്ഥരും സ്ഥലം സന്ദർശിക്കുകയും ചെയ്തതിന്റെ തുടർനടപടികൾ വിശദമാക്കാമോ? | (സി) | വിളപ്പിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ വിളപ്പിൽ പഞ്ചായത്തിലെ നൂലിയോട് വാർഡിൽ നീന്തൽക്കുളം നിർമ്മിക്കുന്നതിനുള്ള നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും തുടർ നടപടികൾ സ്വീകരിക്കുന്നതിനായി നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റിന് 2013-ൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ 35-ാം നാഷണൽ ഗെയിംസുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് മുൻഗണന നൽകി പ്രവൃത്തിച്ചുവന്ന പ്രസ്തുത കാലയളവിൽ നീന്തൽക്കുളം നിർമ്മിക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**